# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 10) 43/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 22/03/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, തൃശൂർ
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 10) 43/2022 തീയ്യതി: 22/03/2022

# തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ഷാജി | ജോയിന്റ് ഡയറക്ടർ | 18-12-2021 | 27-12-2021 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-12-2021 | 27-12-2021 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷിജു കെ കെ | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ശ്രീമതി സജിന സത്താർ | സെക്രട്ടറി | 01-04-2020 | 03-06-2020 |
| ശ്രീ ശങ്കരൻകുട്ടി കെ കെ | സെക്രട്ടറി | 04-06-2020 | 10-11-2020 |
| ശ്രീമതി രാധാമണി സി | സെക്രട്ടറി | 11-11-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജേഷ്.സി.ആർ | അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | 01-04-2020 | 05-08-2020 |
| ശ്രീ.ബാബു.ടി | അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | 06-08-2020 | 05-01-2021 |
| ശ്രീ.പ്രതീഷ്.പി.ബി | അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | 06-01-2021 | 31-03-2021 |
| ശ്രീ.ഷാജു.യു.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി എൽസി അഗസ്റ്റിൻ | കൃഷി.അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 15-06-2020 |
| ശ്രീ.എസ്.എസ്.ഷാലുമോൻ | കൃഷി.അസിസ്റ്റന്റ് ഡയറക്ടർ | 16-06-2020 | 14-07-2020 |
| ശ്രീമതി മിനി ജോസഫ് | കൃഷി.അസിസ്റ്റന്റ് ഡയറക്ടർ | 15-07-2020 | 31-03-2021 |
| ഡോ.സോബി ജോർജ്ജ് | മെഡിക്കൽ ഓഫീസർ/സൂപ്രണ്ട് | 01-04-2020 | 31-03-2021 |
| സൗമ്യ വർഗ്ഗീസ് | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി അംബിക.കെ.കെ. | ശിശുവികസന പദ്ധതി | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ,അഡീഷണൽ | | |
| ശ്രീ ഷാബു.ടി.ആർ. | പട്ടിക ജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.സെബിൻ.പി.എഫ്. | ക്ഷീരവികസനഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ സാജൻ ജോസഫ് | വ്യവസായ വികസന ഓഫീസർ | 01-04-2020 | 26-11-2020 |
| ശ്രീ.മനോജ്.പി. | വ്യവസായ വികസന ഓഫീസർ | 27-11-2020 | 23-02-2021 |
| ശ്രീമതി.മിനി.ഇ. | വ്യവസായ വികസന ഓഫീസർ | 24-02-2021 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പെയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | വാർഷികകണക്കുകൾ - സമർപ്പിക്കാത്ത പത്രിക | 1-8 |
| 9 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-9 |
| 10 | “280000000-Prior Period Item”- വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല | 1-10 |
| 11 | ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-11 |
| 12 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-12 |
| 13 | അഡ്വാൻസ് രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല | 1-13 |
| 14 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല | 1-14 |
| 15 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റും അതേ ഇനത്തിലുള്ള ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-15 |
| 16 | ഗ്രാന്റുപയോഗിച്ച് ആസ്തി നിർമാണം - " Capital Contribution” ശീർഷകത്തിലേക്ക് മാറ്റുന്നില്ല | 1-16 |
| 17 | വാഹനങ്ങൾ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-17 |
| 18 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കണക്കുകൾ വാർഷികകണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല | 1-18 |
| 19 | മുൻകൂർ ലഭിച്ച തുകകളുടെ രജിസ്റ്റർ എഴുതി സുക്ഷിച്ചിട്ടില്ല | 1-19 |
| 20 | വാടക കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-20 |
| 21 | ഒഴിഞ്ഞ് കിടക്കുന്ന വാടക കെട്ടിടങ്ങൾ വാടകയ്ക്കു നൽകുന്നതിന് ലേല നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-21 |
| 22 | വാടക കെട്ടിടങ്ങളുടെ കരാർ കാലാവധി കഴിഞ്ഞിട്ടും കരാർ പുതുക്കിയിട്ടില്ല | 1-22 |
| 23 | സെക്കന്ററി പാലിയേറ്റീവ് - മരുന്ന് വാങ്ങൽ - സബ്സിഡി മാർഗ്ഗരേഖ ഉത്തരവിന് വിരുദ്ധമായി വാങ്ങി | 1-23 |
| 24 | മരുന്ന് ലഭ്യമായിട്ടില്ല | 1-24 |
| 25 | വിനിയോഗ സാക്ഷ്യപത്രം ഇല്ല | 1-25 |
| 26 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് | 1-26 |

| | | |
|---|---|---|
| | സ്കോളർഷിപ്പ്-അപാകതകൾ | |
| 27 | പത്ര പരസ്യം, സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട്, ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുന്നില്ല | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾ സംബന്ധിച്ച വിവരം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 26-2-2020 | 1(1) | 242243814 | 234818182 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 15-2-2021 | 2(1) | 272388193 | 265220710 |

## 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിച്ച തിയതി | ലഭിക്കേണ്ട തിയതി |
|---|---|
| 08-07-2021 | 31-07-2021 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14883043.38 |
| വരവ് | 79263643 |
| ആകെ | 94146686.38 |
| ചെലവ് | 80056031 |
| നീക്കിയിരിപ്പ് | 14090655.38 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട് –ജനറൽ | 41258389 | 38267012 | 2991377 |
| വികസനഫണ്ട് - എസ് സി പി | 14097000 | 11496623 | 2600377 |
| വികസനഫണ്ട് - ടി എസ് പി | 2163076 | 1894332 | 268744 |
| മെയിന്റനൻസ് - റോഡ് | 0 | 0 | 0 |
| മെയിന്റനൻസ് - റോഡിതരം | 7188548 | 5181184 | 2007364 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 15500000 | 5252916 | 10247084 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 159 | 83753632 | 95 | 56910883 | 43 | 21 | 68% |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2021 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം കളക്ഷൻ ഇല്ല എന്നത് ബോധ്യപ്പെട്ടിട്ടുണ്ട്.

## 1-7 ആഭ്യന്തര നിയന്ത്രണം

വാർഷികകണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട് എങ്കിലും, വാടക രജിസ്റ്റർ ഓരോ വർഷത്തെയും മുൻബാക്കി ക്യാരി ഓവർ ചെയ്ത് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് പണി പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും, ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനസജ്ജമായിട്ടില്ല. പദ്ധതികൾ സംബന്ധിച്ച് കൃത്യമായ അവലോകനം, പദ്ധതി നടത്തിപ്പ്, പുരോഗതി എന്നിവ ബ്ലോക്ക് പഞ്ചായത്ത് മീറ്റിംഗിൽ അവലോകനം ചെയ്യുന്നതായി കാണുന്നില്ല.

## 1-8 വാർഷികകണക്കുകൾ - സമർപ്പിക്കാത്ത പത്രിക

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-9 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (792,388.00) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,591,283.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10 "280000000-Prior Period Item"- വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ)-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200101-Prior Period Income-Rent From Building | (120568) |
| 280800101-Prior Period-Establishment Expenses | (72950) |

ഈ അപാകത ഭാവിയിൽ ഒഴിവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-11 ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഈ അപാകത ഭാവിയിൽ ഒഴിവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-13 അഡ്വാൻസ് രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല

2020-21 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ എഴുതി പൂർത്തിയാക്കുകയോ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഈ അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-14 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല

2020-21 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി പൂർത്തിയാക്കുകയോ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഈ അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-15 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റും അതേ ഇനത്തിലുള്ള ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യുൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യുൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320100115 | Centrally Sponsered Scheme TSC | 1049264 | 450610104 | SBT 101 | 1053869 |
| 2 | 320100399 | Grants Funds & Contributions For Specific Purposes | 401855 | 450410105 | Bank Of Baroda | 371855.50 |
| 3. | 320300199 | Grants Funds & Contributions For Specific Purposes- Other Government Agencies | 5304605 | 450250103 | Treasury Corpus Fund | 5300000 |

ഈ അപാകത ഭാവിയിൽ ഒഴിവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-16 ഗ്രാന്റുപയോഗിച്ച് ആസ്തി നിർമാണം - " Capital Contribution” ശീർഷകത്തിലേക്ക് മാറ്റുന്നില്ല

31/3/2020 ലെ ബാലൻസ്ഷീറ്റ് ഷെഡ്യുൾ B3 പ്രകാരം " Capital Contribution” എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2021 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

ഈ അപാകത ഭാവിയിൽ ഒഴിവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-17 വാഹനങ്ങൾ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല

31/3/21ലെ ബാലൻസ്ഷീറ്റ് പ്രകാരം 410710102- Vehicles എന്ന ശീർഷകത്തിൽ 46,340 രൂപയാണ് ചേർത്തിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന് നിലവിൽ ബൊലോറോ, സൈലോ വാഹനങ്ങൾ ഉള്ളതാണ്. ആയത് ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. ആയത് 2021-22 ൽ വാർഷികകണക്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഈ അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-18 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കണക്കുകൾ വാർഷികകണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓഫീസ് ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയും ജീവനക്കാരും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്നതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കുന്നത്. എന്നാൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ റസീറ്റ് & പേയ്മെന്റ് പത്രികയിലും, റവന്യൂ വരുമാനം, ചെലവ് വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലും, നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റിലും). ഈ അപാകത ഭാവിയിൽ ഒഴിവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-19 മുൻകൂർ ലഭിച്ച തുകകളുടെ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ.നം | ഇനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | Recovery | 350200199-Recoveries Payable- Other Recoveries From Employees | 26,231 |
| 2 | Rent | 350410401-Advance Collection Of Revenues- Rent From Buildings | 447 |

ഈ അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-20 വാടക കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

2020-21 സാമ്പത്തിക വർഷത്തെ B-15 ഷെഡ്യൂൾ പ്രകാരം 258262 രൂപ തൻവർഷവും മുൻ വർഷങ്ങളിലേത് 274296 രൂപയും കുടിശ്ശികയുണ്ട്. തൻ വർഷ വാടക ഡിസിബി തയ്യാറാക്കിയിട്ടുണ്ട്, എന്നാൽ കുടിശ്ശിക ഡിസിബി തയ്യാറാക്കിയിട്ടില്ല. വാടക കുടിശ്ശിക വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 220.12.2021) 161566 രൂപ കുടിശ്ശികയുള്ളതായി മറുപടി നൽകിയിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ഒഴിഞ്ഞ് കിടക്കുന്ന വാടക കെട്ടിടങ്ങൾ വാടകയ്ക്കു നൽകുന്നതിന് ലേല നടപടികൾ സ്വീകരിക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിന്റെ ഒഴിഞ്ഞ് കിടക്കുന്ന വാടക കെട്ടിടങ്ങളുടെ വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 2/20.12.2021) 2020 ജൂലൈ മുതൽ അനക്സ് കെട്ടിടത്തിലെ 417C, 417 D എന്നീ കടമുറികൾ ഒഴിഞ്ഞ് കിടക്കുകയാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വാടക രജിസ്റ്റർ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പോട്ട വനിതാ ഹോസ്റ്റൽ കെട്ടിടത്തിൽ നിന്നും വരുമാനമൊന്നും ലഭിച്ചിട്ടില്ല. ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾ ലേലം ചെയ്ത് വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 വാടക കെട്ടിടങ്ങളുടെ കരാർ കാലാവധി കഴിഞ്ഞിട്ടും കരാർ പുതുക്കിയിട്ടില്ല

1) 02/03/19 തീയതിയിലെ 6(4) നമ്പർ ജനറൽ കമ്മിറ്റി തീരുമാന പ്രകാരം ശ്രീമതി.ഷൈനി മോഹനൻ, പോപ്പൂരക്കൽ ഹൗസ്, കൂവ്വക്കാട്ടുക്കുന്ന് എന്നവർക്ക് പ്ലാസ്റ്റിക്ക് ബോട്ടിൽ നിർമ്മാണ സംരംഭം ആരംഭിക്കുന്നതിന് മേലൂർ കൂവക്കാട്ടുക്കുന്ന് പട്ടിക ജാതി വ്യവസായ കേന്ദ്രം (9/142A) വാടകയ്ക്കു നൽകിയിട്ടുണ്ട്. ടിയാരി 03/06/20 മുതൽ കരാർ പുതുക്കിയിട്ടില്ല. 2019 ആഗസ്റ്റ് മുതൽ വാടക അടവാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട് (കുടിശ്ശിക തുക –51974 രൂപ). 07/08/20 തീയതിയിലെ കമ്മിറ്റി തീരുമാന പ്രകാരം കുടിശ്ശിക പിരിച്ചെടുക്കുന്നതിനും അല്ലാത്ത പക്ഷം റവന്യു റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിപ്പ് നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 15/27.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

2) ബേബി ക്രഷ്, മഹിള സമാജം എന്നിവയുടെ പ്രവർത്തനത്തിനായി ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്കു നൽകിയിട്ടുണ്ട്. എന്നാൽ വാടക എഗ്രിമെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല (എൻക്വയറി നമ്പർ 2/20.12.2021). വാടക എഗ്രിമെന്റ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-23 സെക്കന്ററി പാലിയേറ്റീവ് - മരുന്ന് വാങ്ങൽ - സബ്സിഡി മാർഗ്ഗരേഖ ഉത്തരവിന് വിരുദ്ധമായി വാങ്ങി

പ്രൊജക്ട് നമ്പർ - 39/21

ബിൽ നമ്പർ - 12/11.1.2021 (125008 രൂപ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, സി.എച്ച്.സി എലിഞ്ഞിപ്ര

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് (സ.ഉ(എംഎസ്) നം 22/2018/തസ്വഭവ/14.2.2018) ഖണ്ഡിക 7.5.4 പ്രകാരം അടിയന്തിര സാഹചര്യങ്ങളിൽ കാരുണ്യ, നീതി, ജൻഔഷധി എന്നിവിടങ്ങളിൽ നിന്ന് മരുന്ന് വാങ്ങാവുന്നതാണ്. എന്നാൽ ആയതിനു വിരുദ്ധമായി ക്വട്ടേഷൻ ക്ഷണിച്ച് സ്വരാജ് ഫാർമ്മ, പെരുമ്പാവൂർ എന്ന സ്ഥാപനത്തിൽ നിന്നും മേൽ പ്രകാരം മരുന്ന് വാങ്ങിയിട്ടുണ്ട്. മാർഗ്ഗരേഖ ഉത്തരവുകൾ, മറ്റ് സർക്കാർ ഉത്തരവുകൾ എന്നിവക്ക് വിധേയമായി മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 മരുന്ന് ലഭ്യമായിട്ടില്ല

എ)പദ്ധതി നമ്പർ - 39/2021

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട് സിഎച്ച്സി എലിഞ്ഞിപ്ര

ബിൽ നമ്പർ - 14/15.2.2021 - 22021/-

18/31.3.21-98351/-

PRF-4735/23.1.21(22021/-), PRF-6226/15.3.21(65744/-) & PRF-6228/15.3.21(55397/-) എന്നിവ പ്രകാരം മരുന്ന് വാങ്ങലിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് അഡ്വാൻസായി നൽകി. മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) പദ്ധതി നമ്പർ - 44/2021

ബിൽ നമ്പർ - 11/11.6.2020 - 200000/-

RF-761/29.5.20 പ്രകാരം മരുന്ന് വാങ്ങലിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് അഡ്വാൻസായി നൽകി. മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 വിനിയോഗ സാക്ഷ്യപത്രം ഇല്ല

പദ്ധതി നമ്പർ - 40/21

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, സിഎച്ച്സി എലിഞ്ഞിപ്ര

ബിൽ നമ്പർ - 1/1.6.20 - 468000

ബിൽ നമ്പർ - 2/1.10.20 - 532000

ബിൽ നമ്പർ - 3/17.3.21 - 200000

മേൽ ബില്ലുകൾ പ്രകാരം 1200000 രൂപ സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, ചാലക്കുടിക്ക് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കിഡ്നി രോഗികളുടെ ഡയലിസിസിനായി കൈമാറിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഇല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-26 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്-അപാകതകൾ

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ (45/21) താഴെപറയും വിധം ആകെ 1500000 രൂപ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | തിയതി | തുക |
|---|---|---|
| 22000365 | 27.01.2021 | 300000 |
| 22000579 | 07.01.2021 | 300000 |
| 22000361 | 27.01.2021 | 350000 |
| 22000593 | 06.02.2021 | 250000 |
| 22000621 | 15.03.2021 | 300000 |

1250000 രൂപയുടെ വിനിയോഗസാക്ഷ്യപത്രമാണ് പരിശോധനയ്ക്ക് നൽകിയിട്ടുള്ളത്. 250000 രൂപയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് നൽകേണ്ടതാണ്. 250000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് (എൻക്വയറി 03/21.12.2021)

## 1-27 പത്ര പരസ്യം, സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട്, ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുന്നില്ല

ജി ഒ (ആർ ടി)01/11 ഐ & പി ആർ ഡി, തി. 4-1-2011, ജി ഒ (ആർ ടി)288/14/ഐ & പി ആർ ഡി, തി. 10-9-14 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാനപത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പരസ്യചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായില്ല.

സർക്കാർ ഉത്തരവ് പ്രകാരമുള്ള, 15% ഡിസ്കൗണ്ട് അനുവദിച്ച് കിട്ടുന്നതിന് നടപടികളൊന്നും സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി വിവിധ ബില്ലുകളിലായി അധികം അനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കുകയോ ഭാവിയിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/വൗച്ചർ നം | തുക | പത്രം |
|---|---|---|---|
| 1 | 15/20-21, Dt. 5-8-20 | 12600 | ദേശാഭിമാനി |
| 2 | 41/20-21, Dt. 15-1-21 | 18900 | ദേശാഭിമാനി |
| 3 | 30/20-21, Dt. 30-10-20 | 35700 | ദേശാഭിമാനി |
| | | 11200 | മാതൃഭൂമി |
| 4 | 60/20-21, Dt. 29-3-21 | 7166 | മാതൃഭൂമി |
| 5 | CB No13/12/21, Dt. 29-12-20 | 8400 | ദേശാഭിമാനി |
| 6 | CB No13/10/20-21, Dt. 21-10-20 | 6300 | ദേശാഭിമാനി |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾ സംബന്ധിച്ച വിവരം

തൻവർഷം തുക ലഭിച്ചിട്ടില്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്.

ഇല്ല.

### 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്.

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | | 2006-07 | 3.55.1 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| | | | 3.55.2 | | |
| | | | 3.55.3 | | |

### 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79263643 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80056031 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 250000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 250000 | സൗമ്യ വർഗീസ്, സി.ഡി.പി.ഒ |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സൗമ്യ വർഗീസ്, സി.ഡി.പി.ഒ | സി.ഡി.പി.ഒ, ചാലക്കുടി | സൗമ്യ വർഗീസ്, പ്ലാക്കൽ ഹൗസ്, ചെങ്ങമനാട്(പി.ഒ) |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 95-96, 96-97, 97-98, 98-99 | എൽ.എഫ്.എ.ടി.7-375/99 തി.3/11 /2000/7/4/01 | |
| 99-2000 | എൽ.എഫ്.എ.ടി.14-211/2000 തി.06/06/2002 | |
| 2000-01 | എൽ.എഫ്.എ.ടി.14-501/2004 തി.28/10 /2004/5/1/2005 | |
| 2001-2002 | എൽ.എഫ്.എ.ടി.14-504/2004 തി.28/10 /2004/11/05/2005 | |
| 2002-2003 | എൽ.എഫ്.എ.ടി.14-454/2006 തി.19/06 /2006/03/01/2007 | |
| 2003-2004 | എൽ.എഫ്.എ.ടി.14-453/2006 തി.20/06 /2006/03/01/2007 | |
| 2004-2005 | എൽ.എഫ്.എ.ടി.14-2152/2007 തി.21/02/2007 | |
| 2005-2006 | എൽ.എഫ്.എ.ടി.21-2367/2007 തി.21/02 /2009/5/5/2009 | |
| 2006-2007 | എൽ.എഫ്.എ.ടി.(ബി.പി.)-882/11 തി.01/12/2011 | |
| 2007-2008 | എൽ.എഫ്.എ.ടി.(ബി.പി.)-883/11 തി.01/12/2011 | |
| 2008-2009 | എൽ.എഫ്.എ.ടി.(ബി.പി.)-884/11 തി.01/12/2011 | |
| 2009-2010 | എൽ.എഫ്.എ.ടി.(ബി.പി.)-885/11 തി.01/12 /2011/31/0312 | |
| 2010-2011 | എൽ.എഫ്.എ.ടി.(ബി.പി.)-2279/12 തി.4/3 /13/15/6/13 | |
| 2011-2012 | എൽ.എഫ്.എ.ടി.(ബി.പി.)-1670/13 തി.02/04/14/11/7/14 | |
| 2012-2013 | എൽ.എഫ്.എ.ടി.(ബി.പി.)-1710/2014 തി.12/01/2015/6/5/2015 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. | |

| | | |
|---|---|---|
| | (ബിപി2)1703/15 തിയ്യതി.01.01.16/03.02.16 | |
| 2014-2015<br>2015-2016 | കെ.എസ്.എ.ടി.എസ്.ആർ.<br>(ബിപി2)638/17 തിയ്യതി.18.5.2017 | |
| 2016-2017 | കെ.എസ്.എ.ടി.എസ്.ആർ.<br>(ബി.പി.1)1732/2017/തിയ്യതി 4.12.2017/11/1/18 | |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ.<br>(ബി.പി.1)1958/18 തീയതി :11.02.2019 | |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ<br>(ബി.പി 2)960/19,തിയ്യതി:02.08.2019 | |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്